**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4053 | 12.12.2018 ൽ മറുപടിയ്ക്ക് |
|---|---|
| **സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി)** |
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികളുണ്ട്; | (എ) 41 അങ്കണവാടികൾ |
| (ബി) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിച്ച കൊടുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ? | (ബി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**(1) സ്റ്റേറ്റ് പ്ലാൻ ഫണ്ട്**<br>ഓരോ സാമ്പത്തിക വർഷവും സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്തി വരുന്നു.<br>**(2) മാതൃക അങ്കണവാടി കെട്ടിട നിർമ്മാണം(2011-12)**<br>ഒരു നിയോജക മണ്ഡലത്തിൽ ഒരു അങ്കണവാടി കെട്ടിടം എന്ന രീതിയിൽ 10 സെന്റ് സ്ഥലം സ്വന്തമായുള്ള അങ്കണവാടികൾക്ക് പ്രസ്തുത നിയോജകമണ്ഡലം എം.എൽ.എ ഫണ്ട് വിഹിതം കൂടി വഹിക്കാമെന്നുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ പുതിയ കെട്ടിട നിർമ്മാണം നടത്തുന്നു.<br>**(3)MGNREGS(2016-17)**<br>ഒരു അങ്കണവാടിക്ക് 5 ലക്ഷം രൂപ MGNREGS ഉം 2 ലക്ഷം രൂപ വകുപ്പ് വിഹിതവും (കേന്ദ്രവും സംസ്ഥാനവും 60:40 എന്ന അനുപാതത്തിൽ) ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ